LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

11 (*11) ശ്രീ. എ. രാജ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രോഗവ്യാപനം രൂക്ഷമായതിനെത്തുടർന്ന് സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കോവിഡ് പരിശോധനയ്ക്കും ചികിത്സയ്ക്കും പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങളും നൂതന സജ്ജീകരണങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വീടുകളിൽ കൂടാരന്റെൻ സൗകര്യമില്ലാത്ത, രോഗലക്ഷണമില്ലാത്ത രോഗികളുടെ ചികിത്സയ്ക്കായി ഡൊമിസിലറി കെയർ സെന്ററുകളും (DCC) തീവ്രതയില്ലാത്ത രോഗലക്ഷണങ്ങളുള്ള (കാറ്റഗറി-എ) രോഗികളുടെ ചികിത്സക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CFLTC) കൂടുതൽ തീവ്രരോഗലക്ഷണങ്ങളുള്ള (കാറ്റഗറി-ബി) രോഗികളുടെ ചികിത്സയ്ക്കായി കോവിഡ് സെക്കൻഡ് ലൈൻ ചികിത്സാ കേന്ദ്രങ്ങളും (CSLTC) തീവ്രരോഗബാധയുള്ളവരെ ചികിത്സിക്കുന്നതിനായി കോവിഡ് ആശുപത്രികളും സജ്ജീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ NIV പൂനെയിലാണ് സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിരുന്നത്. എന്നാൽ നിലവിൽ സംസ്ഥാനങ്ങൾക്ക് മൊബൈൽ ടെസ്റ്റിംഗ് ലാബുകളുൾപ്പെടെ കോവിഡ് പരിശോധനയ്ക്കായി 2667 ലാബുകൾ സർക്കാർ/സ്വകാര്യ മേഖലകളിലായി ഒരുക്കിയിട്ടുണ്ട്. RTPCR ടെസ്റ്റിന്റെ നിരക്ക് 500 രൂപയായി കുറച്ചിട്ടുണ്ട്. ആകെയുള്ള 2667 ലാബുകളിൽ 2465 സ്ഥാപനങ്ങളിൽ ആന്റിജൻ പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എയർപോർട്ടിലും സംസ്ഥാന അതിർത്തികളിലും മൊബൈൽ ടെസ്റ്റിംഗ് സംവിധാനമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2-6-2021-ലെ കണക്ക് പ്രകാരം 778 DCC-കൾ, 154 CFLTC-കൾ, 95 CSLTC-കൾ പ്രവർത്തിച്ചു വരുന്നു. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികൾ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സ്വകാര്യ മേഖലയിലെ ആശുപത്രികളുടെ സഹകരണം ഉറപ്പാക്കി. ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ഐ.സി.യു. സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തി. ഓക്സിജന്റെ ആവശ്യകത കൂടുന്നതിനാൽ അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ്ലൈനുകൾ എന്നിവ സജ്ജീകരിക്കുകയും ഓക്സിജൻ സിലിണ്ടറുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഓക്സിജൻ ഉപയോഗം,

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോക്ക് സ്ഥിതി, ആവശ്യകത എന്നിവ ജില്ലാ/സംസ്ഥാനതല വാർ റൂമുകൾ വഴി നിരന്തരം മോണിറ്റർ ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. കോവിഡ് ചികിത്സയ്ക്ക് ആവശ്യമായ വിവിധതരം മരുന്നുകളും ഉപകരണങ്ങളും മുടക്കം കൂടാതെ ലഭ്യമാക്കുന്നതിന് KMSCL മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ സങ്കീർണ്ണതയായി കണ്ടുവരുന്ന മ്യൂക്കർ മൈക്കോസിസിന്റെ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളും മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളും റഫറൽ ക്ലിനിക്കുകളും സജ്ജീകരിക്കുകയും കോവിഡ് ബാധയ്ക്ക് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു. 28-05-2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 1183 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. വൈറസിന്റെ ജനിതകഭേദം അറിയുന്നതിനായി RTPCR പോസിറ്റീവ് സാമ്പിളുകൾ NIV-പൂനെ, IGIB-ഡൽഹി, RGCB-തിരുവനന്തപുരം എന്നിവിടങ്ങളിൽ അയയ്ക്കുന്നു. കോവിഡ് വാക്സിനുകൾ പരമാവധി ആളുകളിൽ എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നു.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിൽ പുതിയതായി കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 968 താൽക്കാലിക ഡോക്ടർമാരെ നിയമിച്ചു. എൻ.എച്ച്.എം.-ന്റെ അപ്രൂവൽ ലഭിച്ച ഒൻപതിനായിരത്തി അഞ്ഞൂറിൽപ്പരം ജീവനക്കാരും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. ഇതിലുപരി നാളിതുവരെ (02-06-2021) കോവിഡ് പ്രതിരോധത്തിനായി 18365 പേരെ വിവിധ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കോവിഡ് മരണനിരക്ക് ദേശീയതലത്തിൽ 1.15 ശതമാനമായി ഉയർന്നപ്പോൾ കേരളത്തിൽ ആയത് 0.36 ശതമാനം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ക്വാറന്റൈൻ, നിരീക്ഷണ ക്വാറന്റൈൻ എന്നിവയുടെ ഫലപ്രദമായ നടപ്പാക്കൽ, കോവിഡ് ചികിത്സയ്ക്കായി DCC, CFLTC, CSLTC എന്നിവ സജ്ജീകരിക്കൽ, മരുന്നുകൾ, ഓക്സിജൻ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തൽ, വാക്സിൻ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, മറ്റ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സങ്കീർണ്ണമായ രോഗങ്ങളുള്ളവർക്ക് ആവശ്യമായ ചികിത്സ ഉറപ്പുവരുത്തുക, കോവിഡ് രോഗികൾക്കായി ഓൺലൈൻ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾവഴി കോവിഡ് വ്യാപനവും മരണനിരക്കും ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. കോവിഡ് രോഗബാധമൂലമാണ് മരണമെന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റ് രോഗങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്ന മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യ വകുപ്പ് തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽനിന്നും ചെറുപ്പക്കാരിലെ മരണനിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലുമുള്ള വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണനിരക്കിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഐ.ടി. അധിഷ്ഠിത സേവന മേഖലയുടെ സാധ്യത

12 (*12) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന ഐ.ടി. അധിഷ്ഠിത സേവന മേഖലയിലെ വളർച്ചാ സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഐ.ടി. അധിഷ്ഠിത സേവന മേഖലയിലെ സാധ്യത പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കുമോ?

ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, പരിസ്ഥിതി, വിനോദം തുടങ്ങി വിവിധ രംഗങ്ങളിലെ ഐ.ടി. അധിഷ്ഠിത സ്ഥാപനങ്ങൾ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ആരംഭിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി രൂപീകരിച്ച SPV ആയ KSITIL എന്ന കമ്പനി കിഫ്ബിയുമായി സഹകരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിവരുന്നു. മുൻ സർക്കാരിന്റെ കാലത്ത് 3 ഐ.ടി. പാർക്കുകളിൽ വിസ്തീർണ്ണത്തിൽ 2.48 ലക്ഷം ചതുരശ്ര

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.